**കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലുള്ള പിണറായി വില്ലേജിൽ കിൻഫ്രയുടെ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് സ്കീമിനു കീഴിൽ ബയോഡൈവേഴ്സിറ്റി പാർക്ക്, സിവിൽ സർവ്വീസ് റസിഡൻഷ്യൽ കോപ്ലക്സ്,ഫയർസ്റ്റേഷൻ ,പോലീസ് സ്റ്റേഷൻ മുതലായവയ്ക്കു വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ചുള്ള പഠന റിപ്പോർട്ടിൻ മേൽവിദഗ്ധസമിതിയുടെ ശുപാർശ-**

തീയ്യതി -18.05.2019

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലുള്ള പിണറായി വില്ലേജിൽ **കിൻഫ്രയുടെ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് സ്കീമിനു കീഴിൽ ബയോഡൈവേഴ്സിറ്റിപാർക്ക്,സിവിൽ സർവ്വീസ് റസിഡൻഷ്യൽ കോപ്ലക്സ്, ഫയർസ്റ്റേഷൻ ,പോലീസ് സ്റ്റേഷൻ മുതലായവയ്ക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോഴു**ണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് തിരുവനന്തപുരം സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന ഏജൻസി നടത്തിയ പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ധ സമിതി കണ്ണൂർ ജില്ലാ കലക്ടറുടെ 09.05.2019ലെ DCKNR/8300/2018-C6 നമ്പർനടപടി ക്രമപ്രകാരം രൂപ വൽക്കരിച്ചിരിക്കുന്നു.

വിദഗ്ധ സമിതിയുടെ പ്രാഥമിക യോഗം 15.05.2019-ാം തീയ്യതി രാവിലെ 11 മണിക്ക് പിണറായി പഞ്ചായത്ത് ഓഫീസിൽ സമിതി ചെയർമാനായ ശ്രീ.എം.ഗോപിയുടെ അധ്യക്ഷതയിൽ ചേർന്നു. യോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. പഠന റിപ്പേർട്ടിലുള്ള കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.തുടർന്ന് പദ്ധതി പ്രദേശം സന്ദർശിച്ചു.

തലശ്ശേരി താലൂക്കിലെ പിണറായി വില്ലേജിലെ കിഴക്കുംഭാഗത്ത് റിസ 2/1Pt 4/1,4/2 എന്നിവയിൽപെട്ട 5.3298 ഹെക്ടർ (532.98 ആർ) ഭൂമിയാണ് ഈ പദ്ധതിക്കുവേണ്ടി ഏറ്റെടുക്കുന്നത്. ബയോഡൈവേഴ്സിറ്റി പാർക്ക് ,സിവിൽ സർവ്വീസ് റസിഡൻഷ്യൽ കോപ്ലക്സ്,ഫയർസ്റ്റേഷൻ,പോലീസ് സ്റ്റേഷൻ മുതലായ സൗകര്യങ്ങൾ ലഭ്യമാക്കി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനാണ് ഈപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് കാണുന്നു. 5 സഹോദരങ്ങൾ ചേർന്ന ഒരു കുടുംബത്തിന്റെ വകയായിട്ടുള്ളതാണ് ഈ സ്ഥലം. .

18.05.2019-ാം തീയ്യതി രാവിലെ 11 മണിക്ക് കണ്ണൂർ കലക്ടേറ്റിൽ വിദഗ്ദ സമിതിയുടെ അന്തിമയോഗം ചേർന്നു. ചെയർമാൻ ശ്രീ.എം.ഗോപിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് പഠന റിപ്പോർട്ടിൽ പ്രതിപാദിച്ച

കാര്യങ്ങളും പദ്ധതി പ്രദേശം കണ്ടെത്തിയ കാര്യങ്ങളും വിലയിരുത്തി താഴെ ചേർത്ത പ്രകാരം ശുപാർശകൾ സമർപ്പിക്കുന്നു.

1. പോലീസ് സ്റ്റേഷൻ ഫയർസ്റ്റേഷൻ, സിവിൽസർവ്വീസ്,റസിഡൻഷ്യൽ കോപ്ലക്സ്,ബയോഡൈവേഴ്സിറ്റി പാർക്ക് മുതലായവ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് ഭൂമി ഏറ്റെടുക്കുന്നത് എന്നതിനാൽ ഇത് പൊതു ആവശ്യത്തിനു വേണ്ടിയാണ്.

2. ഒരു കുടുംബത്തിന്റെ മാത്രം കൈവശമുള്ള ഭൂമിയേറ്റെടുത്ത് പൊതു ജനങ്ങൾക്ക് മൊത്തം ഉപകരിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത് എന്നതിനാൽ ഈ ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന സാമൂഹ പ്രത്യാഘാത ത്തേക്കാൾ ഇതു കൊണ്ടുള്ള നേട്ടം വലുതാണ്.

3. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം ആരുംതന്നെ കുടിയൊഴിപ്പിക്ക പ്പെടുന്നില്ലെന്നും അതിനാൽ പുനരധിവാസ പ്രശ്നമില്ല എന്നും ഉള്ള പഠന റിപ്പോർട്ടിനോട് ഈ സമിതി യോജിക്കുന്നു.

4. നിർദ്ദിഷ്ട പദ്ധതിയിൽ പൊതുജനങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റ പ്പെടുമെന്നതിനാൽ ഈ ആവശ്യത്തിലേക്കായി ഏറ്റവും കുറഞ്ഞ അളവിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നത് എന്ന് ഈ സമിതി അഭിപ്രായപ്പെടുന്നു.

5. ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ ഒരു കുടംബത്തിലെ 5 അംഗങ്ങളുടെ പേരിലുള്ള ഭൂമിയാണ് ഏറ്റെടുക്കുന്നത്.ആയതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള RFCTLAR&R Act 2013കേരള സർക്കാരിന്റെ 29.12.2017ലെ ജി.ഒ (എം.എസ്.) നമ്പർ 448/2017/ആർ ഡി ഉത്തരവ് എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു.

6. ആയിരത്തോളം തെങ്ങുകളും മറ്റ് മരങ്ങളും ഈ പദ്ധതി മൂലം നഷ്ടപ്പെടാനിടയുണ്ട് 5 കിണറുകളും 1 കുളവും നഷ്ടപ്പെടുന്ന താണ്.സാധ്യമായ ജലസ്രോതസ്സുകൾ നിലനിർത്തിയും മഴവെള്ള സംഭര ണികൾ സ്ഥാപിച്ചും ജലം സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയും സസ്യങ്ങൾ വെച്ചു പിടിപ്പിച്ചും പ്രകൃതിക്കുണ്ടാകുന്ന ആഘാതം പരിഹരിക്കാ വുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

7. ഈ പദ്ധതി മൂലം ഒരു കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത്. വിവിധ സേവനങ്ങൾ ലഭിക്കുന്ന ഈ പദ്ധതി മറ്റൊരിടത്ത് സ്ഥാപിക്കുകയാണെങ്കിൽ അത് അനേകം ജനങ്ങളെ ബാധിക്കാനിടയുണ്ട്. ആയതിനാൽ ഈ സ്ഥലത്തിന് പകരമായി മറ്റൊരു സ്ഥലം കണ്ടെത്തേണ്ട ആവശ്യമില്ല.

8. പദ്ധതി പ്രദേശത്തിന് സമീപം താമസിക്കുന്ന പൊതു ജനങ്ങളുടെ റോഡ് സൗകര്യവും മറ്റും ഈ പദ്ധതി മൂലം നഷ്ടപ്പെടാൻ പാടില്ലെന്ന് ഈ സമിതി ശുപാർശ ചെയ്യുന്നു.

ഈ പദ്ധതി മൂലമുള്ള ഗുണം,സാമൂഹ്യഘാതം എന്നിവ വിലയിരുത്തുമ്പോൾ താരതമ്യേന ഗുണം ഏറ്റവും കൂടുതലും സാമൂഹ്യ പ്രത്യാഘാതം കുറഞ്ഞതും, മിനിമം സ്ഥലത്ത് നടപ്പിലാക്കുന്നതുമായ ഈ ഭൂമി ഏറ്റെടുക്കൽ പദ്ധതി ഏറ്റവും വേഗത്തിൽ തന്നെ നടപ്പിലാക്കാവുന്നതാണെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

പ്രസാദൻ കൈപ്രത്ത്
വാർഡ് മെമ്പർ
പിണറായി ഗ്രാമപഞ്ചായത്ത്

എം.പി ദിൽന
വാർഡ്മെമ്പർ
പിണറായി ഗ്രാമപഞ്ചായത്ത്

ജിജി കെ
സാമൂഹ്യ ശാസ്ത്രജ്ഞ
വിദഗ്ധ സമിതി

രാജൻ .പി
റിട്ട.ഡപ്യൂട്ടികലക്ട്ർ
പുനരധിവാസ പ്രവർത്തന
വിദഗ്ധൻ

കെ.വി ഗംഗാധരൻ
അഡ്വൈസർ
(എൽ.എം),കിൻഫ്ര

സി.എം.മുരളീധരൻ
റിട്ട.ഡപ്യൂട്ടി കലക്ട്ർ
പുനരധിവാസപ്രവർത്തന
വിദഗ്ധൻ

ഗോപി.എം
സാമൂഹ്യ ശാസ്ത്രജ്ഞൻ
ചെയർമാൻ വിദഗ്ധ സമിതി